കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി - ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാകേന്ദ്രങ്ങളുടെ നിർമ്മാണചെലവിന്റെ പരിധി നിശ്ചയിക്കുന്നതിന് സമിതിയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).2587/13/തസ്വഭവ തീയതി, തിരുവനന്തപുരം, 21.10.2013

=====================================================================

പരാമർശം:- 1. 25.01.2012 ലെ സ.ഉ.(ആർ.റ്റി).291/12/തസ്വഭവ.
2. കേന്ദ്രസർക്കാരിന്റെ 12.04.2013 ലെ J-16020/52/2011/misc.-MGNREGA/BKS നമ്പർ കത്ത്.
3. സംസ്ഥാന തൊഴിൽ ഉറപ്പ് കൗൺസിലിന്റെ 14-ാമത് യോഗത്തിന്റെ 13-ാമത് തീരുമാനം.
4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 31.07.2013 ലെ 25358/ഇജിഎസ്.2/13/ആർഇജിഎസ്(XIII) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ, ഗ്രാമപഞ്ചായത്തുകളിൽ ഏകദേശം 130 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിൽ പരമാവധി 10 ലക്ഷം രൂപ ചെലവഴിച്ചും ബ്ലോക്ക് പഞ്ചായത്ത് കേന്ദ്രങ്ങളിൽ ഏകദേശം 290 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിൽ പരമാവധി 25 ലക്ഷം രൂപ ചെലവഴിച്ചും ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാകേന്ദ്രം നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങൾ പണിയുന്നതിന്റെ ചെലവിന്റെ പരിധി ഓരോ സംസ്ഥാനത്തും നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ്സിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമ-ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങൾ പണിയുന്നതിന് ആവശ്യമായി വരുന്ന ചെലവിന്റെ പരിധി പുനർ നിശ്ചയിച്ച് ശുപാർശ ചെയ്യുന്നതിന് ചുവടെ സൂചിപ്പിക്കും പ്രകാരം ഒരു സമിതിയെ നിയോഗിക്കുന്നതിന് സൂചന(3) തീരുമാന പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടർ സൂചന(4) മുഖേന സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

1. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി -

ചെയർമാൻ

2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് - കൺവീനർ
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്പ്മെന്റ് ഏജൻസി - അംഗം

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമ-ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങൾ പണിയുന്നതിന് ആവശ്യമായി വരുന്ന ചെലവിന്റെ പരിധി പുനർ നിശ്ചയിച്ച് ശുപാർശ ചെയ്യുന്നതിന് ഇപ്രകാരം ഒരു സമിതിയെ നിയോഗിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി - ചെയർമാൻ
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് - കൺവീനർ
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്പ്മെന്റ് ഏജൻസി - അംഗം

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
അനിത ദമോദരൻ,
അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. എല്ലാ അംഗങ്ങൾക്കും (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ മുഖേന)
5. എല്ലാ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ്മാർക്കും (ഗ്രാമവികസന കമ്മീഷണർമുഖേന)
6. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി / പ്രസിഡന്റ്മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
8. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
9. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ